# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 233

01.12.2014-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേര വ്യാപകമാക്കാൻ നടപടി

**ചോദ്യം**

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

(എ) സാധാരണക്കാരിൽ നിന്ന് മുൻകൂറായി പ്രോമിസറി നോട്ടുകളും ബ്ലാങ്ക് ചെക്കുകളും ഈടായി വാങ്ങിക്കൊണ്ട് പണം കടം കൊടുക്കുകയും പിന്നീട് ഇത്തരം ഈടിനെ ദുരുപയോഗം ചെയ്ത് വ്യാജരേഖകൾ ഉണ്ടാക്കി വസ്തുവകകൾ അപഹരിക്കുകയും ചെയ്യുന്ന ബ്ലേഡ് മാഫിയ സംഘങ്ങളെ നിയന്ത്രിക്കാൻ സർക്കാർ ആവിഷ്കരിച്ച ഓപ്പറേഷൻ കുബേര പോലുള്ള നടപടികൾ വ്യാപകമാക്കുമോ;

(ബി) ബ്ലേഡ് മാഫിയ സംഘങ്ങൾ ചെയ്യുന്നതിന് സമാനമായി ബ്ലാങ്ക് ചെക്കുകൾ സ്വീകരിച്ച് വായ്പ നൽകുന്ന സഹകരണ സ്ഥാപനങ്ങൾ, ഈടായി വാങ്ങുന്ന ബ്ലാങ്ക് ചെക്കുകൾ ദുരുപയോഗം ചെയ്ത് സാധാരണക്കാർക്കെതിരെ കോടതികളിൽ കേസ് ഫയൽ ചെയ്തു വരുന്നത് സംബന്ധിച്ച് അന്വേഷണം നടത്തുമോ;

(സി) ഇത് സംബന്ധിച്ച് ആഭ്യന്തര ഇന്റലിജൻസ് വിഭാഗത്തിൽ എത്ര പരാതികൾ ലഭിച്ചുവെന്നും പരാതികളിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കുമോ;

(ഡി) ഇത്തരം പരാതികളിന്മേൽ അടിയന്തരനടപടി സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും, മുദ്രപ്പത്രങ്ങളും, ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും, അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തു വകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കുമെതിരെ 'ഓപ്പറേഷൻ കുബേര' യുടെ ഭാഗമായി തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയും, കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. മേൽപ്പറയുന്നവയ്ക്കായി ആവിഷ്ക്കരിച്ച ഓപ്പറേഷൻ കുബേര നടപടികൾ സംസ്ഥാനത്തൊട്ടാകെ വ്യാപകമാക്കിവരികയാണ്.

(ബി) ബ്ലാങ്ക് ചെക്കുകൾ സ്വീകരിച്ച് സഹകരണ സ്ഥാപനങ്ങൾ വായ്പ നൽകുന്നതായി ശ്രദ്ധയിൽപ്പെടുകയോ, പരാതികൾ ലഭിക്കുകയോ ചെയ്താൽ നിയമാനുസരണം അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 24.11.2014- വരെ സംസ്ഥാന ഇന്റലിജന്റ്സ് വിഭാഗത്തിൽ ഇത്തരത്തിലുള്ള 1541 പരാതികൾ രേഖാമൂലം ലഭിച്ചു. കൂടാതെ ഹെൽപ്പ്ലൈൻ മുഖേന 1071 പരാതികളും, 655 വിവരങ്ങളും ലഭിച്ചു. അവ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് നടപടികൾക്കായി അയച്ചുകൊടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അമിത പലിശ ഈടാക്കുന്ന വ്യക്തികളുടെ വീടുകളും പണമിടപാട് സ്ഥാപനങ്ങളും മറ്റും നിയമാനുസരണം റെയ്ഡുകൾ നടത്തിയും തെളിവുകൾ ശേഖരിച്ച് കേസ് രജിസ്റ്റർ ചെയ്തും മറ്റും നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇത്തരം പരാതികൾ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യുകയും അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ